"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - മത്സ്യബന്ധനം നിരോധിച്ചു കൊണ്ടുള്ള കാലാവസ്ഥാ മുന്നറിയിപ്പിനെത്തുടർന്ന് 2025 മെയ് 18 മുതൽ മെയ് 31 വരെ 14 തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യ-അനുബന്ധ തൊഴിലാളി കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി ആർ എഫ്- എ) വകുപ്പ്**

**സ.ഉ.(കൈ) നം.14/2026/RD തീയതി,തിരുവനന്തപുരം, 08-01-2026**

---

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ 18/07/2025-ലെ DFTVM/1694/2025-D1 നമ്പർ കത്ത്.

**ഉത്തരവ്**

2025 മെയ് 18 മുതൽ മെയ് 31 വരെ മത്സ്യത്തൊഴിലാളികൾ കടലിൽ മത്സ്യബന്ധന പ്രവർത്തനങ്ങൾ നടത്തരുതെന്ന INCOIS, KSDMA, Indian Meteorological Department എന്നീ ഏജൻസികളുടെ കാലാവസ്ഥ മുന്നറിയിപ്പ് കാരണം 14 തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട 1,72,160 (1,32,822 മറൈൻ കുടുംബങ്ങൾ + 39,338 അനുബന്ധ കുടുംബങ്ങൾ) മത്സ്യ-അനുബന്ധ തൊഴിലാളി കുടുംബങ്ങൾക്ക് ഒരു ദിവസം 200/- രൂപ നിരക്കിൽ 14 ദിവസത്തേക്ക് ആകെ 48,20,48,000/-രൂപ (നാൽപ്പത്തിയെട്ടു കോടി ഇരുപതു ലക്ഷത്തി നാല്പത്തിയെണ്ണായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതിനായി ഫിഷറീസ് വകുപ്പ് ഡയറക്ടർ പ്രൊപോസൽ സമർപ്പിക്കുകയുണ്ടായി. കൂടാതെ, മുൻ വർഷങ്ങളിൽ പ്രകൃതി ദുരന്തം, കാലാവസ്ഥാ വ്യതിയാനം എന്നിവ മൂലം മത്സ്യബന്ധന പ്രവർത്തനങ്ങൾ തടസ്സപ്പെടുകയും, തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുകയും ചെയ്ത സാഹചര്യങ്ങളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി/സംസ്ഥാന ദുരന്ത പ്രതികരണ നിധി എന്നിവ വഴി ധനസഹായം അനുവദിച്ചിട്ടുള്ളതായും, ഈ കേസിലും Rs.48.2048 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ട് ഫിഷറീസ് ഡയറക്ടർ പരാമർശം പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മത്സ്യബന്ധനം നിരോധിച്ചുകൊണ്ടുള്ള കാലാവസ്ഥാ മുന്നറിയിപ്പിനെത്തുടർന്ന് 2025 മെയ് 18 നും 2025 മെയ് 31 നും ഇടയിൽ നഷ്ടപ്പെട്ട 14 തൊഴിൽ ദിനങ്ങൾക്ക് നഷ്ടപരിഹാരമായി 1,72,160 മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ കുടുംബങ്ങൾക്കും വിതരണം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 48,20,48,000/- രൂപ (നാൽപ്പത്തിയെട്ട് കോടി ഇരുപത് ലക്ഷത്തി നാല്പത്തിയെണ്ണായിരം രൂപ മാത്രം) അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

3) പ്രസ്തുത ഇനത്തിൽ വിതരണത്തിനാവശ്യമായി വരുന്ന 48,20,48,000/- രൂപ (നാൽപ്പത്തിയെട്ട് കോടി ഇരുപത് ലക്ഷത്തി നാല്പത്തിയെണ്ണായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും ഫിഷറീസ് ഡയറക്ടറുടെ STSB A/C No. 70101140000189, Project-Director of Fisheries, District Treasury, Thiruvananthapuram എന്ന അക്കൗണ്ടിലേക്ക് അനുവദിക്കുന്നതാണ്. അനുവദിച്ച തുക അടിയന്തരമായി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യേണ്ടതും, വിനിയോഗിക്കാത്ത തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് തിരികെ അടക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എം ജി രാജമാണിക്കം**

**സെക്രട്ടറി**

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ് (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
പൊതുഭരണ (എസ് സി) വകുപ്പ് (07/01/2026 ലെ ഇനം നം. 3502)
മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ് ( FandP-B3/157/2025-FandP)
റവന്യൂ (ഡി ആർ എഫ്- ബി, സി) വകുപ്പുകൾക്ക്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽഫയൽ/ഓഫീസ് കോപ്പി (REV-DRF-A1/48/2025-REV)

ഉത്തരവിൻ പ്രകാരം,

Signed by
Maheswari A
Date: 08-01-2026 20:35:01

പകർപ്പ്:
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

രഹസ്യം

# കേരള സർക്കാർ
# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 07-01-2026

ഫയൽ നം. REV-DRF-A1/48/2025/REV. ഇനം നം: 3502

**വിഷയം** : റവന്യൂ വകുപ്പ് - 2025 മെയ് 18 മുതൽ മെയ് 31 വരെയുള്ള 14 ദിവസം മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്ന കാലാവസ്ഥാ മുന്നറിയിപ്പ് കാരണം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യ-അനുബന്ധ തൊഴിലാളി കുടുംബങ്ങൾക്ക് ഫിഷറീസ് വകുപ്പിന്റെ ശിപാർശ പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത്.

**തീരുമാനം** : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

3502

**കേരള സർക്കാർ**

**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | REV-DRF-A1/ 48/2025 -REV |
| 2 | വകുപ്പ് | : | റവന്യൂ (ഡിആർഎഫ്-എ) വകുപ്പ് |
| 3 | വിഷയം | : | 2025 മെയ് 18 മുതൽ മെയ് 31 വരെയുള്ള 14 ദിവസം മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്ന കാലാവസ്ഥാ മുന്നറിയിപ്പ് കാരണം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യ-അനുബന്ധ തൊഴിലാളി കുടുംബങ്ങൾക്ക് ഫിഷറീസ് വകുപ്പിന്റെ ശിപാർശ പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 22/11/2025 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യത ഉള്ളതാണോ? | : | അതെ |
| | (ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ജയശ്രീ. റ്റി. കെ |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. എം ജി രാജമാണിക്കം |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 22/12/2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 26/12/2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. കെ.രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 29/12/2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 30/12/2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

2025 മെയ് 18 മുതൽ മെയ് 31 വരെയുള്ള 14 ദിവസം മത്സ്യ തൊഴിലാളികൾ കടലിൽ പോകരുതെന്ന കാലാവസ്ഥ മുന്നറിയിപ്പ് കാരണം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യ-അനുബന്ധ തൊഴിലാളി കുടുംബങ്ങൾക്ക് ഫിഷറീസ് വകുപ്പിന്റെ ശിപാർശ പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2) 2025 മെയ് 18 മുതൽ മെയ് 31 വരെയുള്ള 14 ദിവസം മത്സ്യ തൊഴിലാളികൾ കടലിൽ പോകരുതെന്ന INCOIS, KSDMA, Indian Meteorological Department എന്നീ ഏജൻസികളുടെ കാലാവസ്ഥ മുന്നറിയിപ്പ് കാരണം 14 തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട 1,72,160 (1,32,822 മറൈൻ കുടുംബങ്ങൾ + 39,338 അനുബന്ധ കുടുംബങ്ങൾ) മത്സ്യ-അനുബന്ധ തൊഴിലാളി കുടുംബങ്ങൾക്ക് ഒരു ദിവസം 200/- രൂപ നിരക്കിൽ 14 ദിവസത്തേക്ക് ആകെ 48,20,48,000/-രൂപ (നാൽപ്പത്തിയെട്ടു കോടി ഇരുപതു ലക്ഷത്തി നാല്പത്തിയെണ്ണായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതിന് ഫിഷറീസ് (ബി) വകുപ്പ് ശിപാർശ ചെയ്തിരുന്നു.

3) മുൻ കാലങ്ങളിൽ പ്രകൃതി ദുരന്തം, കാലാവസ്ഥ വ്യതിയാനം എന്നിവ മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുമ്പോൾ ആയതിലേക്കുള്ള ധനസഹായം CMDRF/SDRF മുഖേനയാണ് അനുവദിച്ചു നൽകിയിരുന്നതെന്നും 2022 ഏപ്രിൽ, മെയ്, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ അതിതീവ്ര ന്യൂനമർദ്ദ ചുഴലിക്കാറ്റ് സംബന്ധിച്ച കാലാവസ്ഥ മുന്നറിയിപ്പ് മൂലമുണ്ടായ 15 ദിവസത്തെ തൊഴിൽ നഷ്ടത്തിന് 1,66,756 സമുദ്ര അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഒരു ദിവസം 200/- രൂപ വീതം കണക്കാക്കി ആകെ 50.027 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമാണ് അനുവദിച്ച് ഉത്തരവായതെന്നും, ഈ കേസിലും 48.2048 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഫിഷറീസ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

4) ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ പറയും പ്രകാരമാണ്;

**"ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം അനുവദിക്കുന്ന കാര്യത്തിൽ ബന്ധപ്പെട്ട മാനദണ്ഡങ്ങൾ പരിശോധിച്ച്, ഉത്തരവുകൾ**

പുറപ്പെടുവിക്കുന്നത് റവന്യൂ (ഡി.ആർ.എഫ്) വകുപ്പാണ്. ആയതിനാൽ, കാലാവസ്ഥ വ്യതിയാനത്തെ തുടർന്ന് 2025 മെയ് 18 മുതൽ 31 വരെയുള്ള 14 ദിവസങ്ങളിൽ, INCOIS, KSDMA, Indian Meteorological Department എന്നിവയുടെ മുന്നറിയിപ്പ് പ്രകാരം മത്സ്യതൊഴിലാളികൾ കടലിൽ പോകരുതെന്ന നിർദ്ദേശം നൽകിയതിനെത്തുടർന്ന് 1,72,160 മത്സ്യത്തൊഴിലാളികൾക്ക് (1,32,822 മറൈൻ കുടുംബങ്ങൾ + 39,338 അനുബന്ധ കുടുംബങ്ങൾ) തൊഴിൽ നഷ്ടപ്പെട്ടിട്ടുള്ളതായി അറിയിച്ചിട്ടുള്ള 14 തൊഴിൽ ദിനങ്ങൾക്ക്, ഓരോ ദിവസത്തിനും 200/- രൂപ എന്ന നിരക്കിൽ ആകെ 48,20,48,000/- രൂപ (172160* 14* 200 = ₹48,20,48,000) ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതു സംബന്ധിച്ച് റവന്യൂ വകുപ്പിൽ നിന്നും ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് ധനവകുപ്പിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിക്കുന്നു."

5) ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ 2025 മെയ് 18 മുതൽ മെയ് 31 വരെയുള്ള 14 ദിവസം മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്ന കാലാവസ്ഥ മുന്നറിയിപ്പ് കാരണം 14 തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട 1,72,160 (1,32,822 മറൈൻ കുടുംബങ്ങൾ + 39,338 അനുബന്ധ കുടുംബങ്ങൾ) മത്സ്യ-അനുബന്ധ തൊഴിലാളി കുടുംബങ്ങൾക്ക് ഒരു ദിവസം 200/- രൂപ നിരക്കിൽ 14 ദിവസത്തേക്ക് ആകെ 48,20,48,000/- രൂപ (നാൽപ്പത്തിയെട്ട് കോടി ഇരുപതു ലക്ഷത്തി നാല്പത്തിയെണ്ണായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നത് സംബന്ധിച്ച ഉത്തരവിനായി ഫയൽ റവന്യൂ വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ 22/11/2025-ന് ബഹു.മുഖ്യമന്ത്രി ഉത്തരവാകുകയും ചെയ്തു.

## തീരുമാനിക്കേണ്ട വിഷയം

മത്സ്യബന്ധനം നിരോധിച്ചുകൊണ്ടുള്ള കാലാവസ്ഥാ മുന്നറിയിപ്പിനെത്തുടർന്ന് 2025 മെയ് 18 നും 2025 മെയ് 31 നും ഇടയിൽ നഷ്ടപ്പെട്ട 14 തൊഴിൽ ദിവസങ്ങൾക്ക് നഷ്ടപരിഹാരമായി 1,72,160 മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ കുടുംബങ്ങൾക്കും വിതരണം ചെയ്യുന്നതിനായി ഫിഷറീസ് വകുപ്പിന്റെ ശുപാർശ പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ₹48,20,48,000 (നാൽപ്പത്തിയെട്ട് കോടി ഇരുപത് ലക്ഷത്തി നാല്പത്തിയെണ്ണായിരം രൂപ മാത്രം) അനുവദിക്കാമോ?